# <u>രാഹുൽ ഗാന്ധിക്ക് കാര്യം പിടികിട്ടി, പക്ഷേ വസ്തുതകൾ പിശകാണ്</u>

**അരുൺ ജയ്റ്റ്ലി (*പ്രതി*പക്ഷ നേതാവ്, രാജ്യ സഭ)**

രാഹുൽ ഗാന്ധിക്ക് കാര്യം വ്യക്തമായി. രാഷ്ട്രയ പാർട്ടികൾ വ=ക്തികേന്ദ്രിതമാകരുത്. രാഷ്ട്രീയ പാർട്ടികൾക്ക് ഒരു ഘടന വേണം, ആദർശം വേണം, ഉൾപ്പാർട്ടി ജനാധിപത്യം ഉണ്ടായിരിക്കണം. അത് ഒറ്റയാളുടെ ഇഷ്ടത്തിനു മാത്രം നടത്തിയാൽ പോരാ. ഇന്ത്യ യിൽ കഒറേ പാർട്ടികളുടെ കാര്യം ഈ സഹചര്യത്തിൽ നമുക്ക് വിശകലനം ചെയ്യാം.

പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവായിരുന്നു ഏറെ ശ്രദ്ധേയനായ ആദ്യത്തെ ഇന്ത്യൻ പ്ര ധാനമന്ത്രി. 1950 ന്റെ തുടക്കത്തിൽ തന്നെ കോൺഗ്രസ് പാർട്ടി എന്നാൽ അദ്ദേഹമാണെ ന്ന സ്ഥിതി വന്നിരുന്നു. ഇത് അദ്ദേഹത്തോടു യോജിക്കാതിരുന്ന ഒട്ടേറെ നേതാക്കളെ പാർശ്വവൽകരിച്ചു. 1950 കളുടെ ഒടുവിൽ ഇന്ദിരാ ഗാന്ധിയെ കോൺഗ്രസിന്റെ അദ്ധ്യക്ഷ സ്ഥാനത്തേക്കു നിയോഗിച്ചപ്പോൾ മുതൽ കോൺഗ്രസിൽ കുടുംബ വാഴ്ച ഔദ്യോഗിക മായി ആരംഭിക്കുന്നതിനുള്ള തുടക്കമായിരുന്നു. പ്രധാനമന്ത്രിയുടെ മകളെ പാർട്ടി പ്രസി ഡന്റ് ആക്കാൻ ഒട്ടേറെ പ്രമുഖ നേതാക്കളെ മറികടക്കുകയുണ്ടായി.

ഇന്ദിരാഗാന്ധിയുടെ വ്യക്തിതാൽപര്യം രാഷ്ട്രീയത്തിൽ മുഴച്ചു നിന്നു. അത് 1969ലെ പാർട്ടി പിളർപ്പിലെത്തിച്ചു. 1973-ൽ നീതിന്യായ വ്യവസ്ഥയെ അട്ടിമറിക്കാൻ അവർ ന ടത്തിയ ശ്രമങ്ങൾ കോൺഗ്രസിന്റെ ആദർശമാണ്. 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപി ച്ചപ്പോൾ സ്വേച്ഛാധിപത്യം കോൺഗ്രസിന്റെ ആദർശത്തിന്റെ ഭാഗമായി. പ്രതിപക്ഷത്തെ യും പാർലമെന്റിനേയും മാധ്യമങ്ങളേയും നിതിന്യായ വ്യവസ്ഥയേയും മൂലക്കൊതുക്കി യതുവഴി സ്ഥാപനങ്ങളെ തച്ചുടച്ചു. 'ഇന്ദിരയാണ് ഇന്ദിര, ഇന്ദിരയാണ് ഇന്ത്യ ' എന്നത് പാർട്ടിയുടെ ഒദ്യോഗിക മുദ്രാവാക്യമായി പാർട്ടി പ്രഖ്യാപിച്ചു. സർക്കാർ നിയന്ത്രിത സാ മ്പത്തിക വ്യവസ്ഥ പ്രഖ്യാപിച്ച് അതു കോൺഗ്രസിന്റെ തത്വശാസ്ത്രമാക്കി മാറ്റി.

1984-ൽ ഓപ്പറേഷൻ ബ്ലൂസ്റ്റാറിലൂടെ സിഖു വിരോധം പ്രകടമാക്കി. ഒരു സമൂഹത്തിന്റെ ഉന്മൂലനത്തെ ന്യായീകരിച്ച് അത് പാർട്ടിയുടെ പരിപാടിയാക്കി. തുടക്കത്തിൽ പഴയ വഴി യിൽനിന്നു മാറിസഞ്ചരിക്കുന്നയാൾ എന്ന പ്രതീതി രാജീവ് ഗാന്ധിയുണ്ടാക്കി. എന്നാൽ 1987-ൽ അഴിമതിയെ മൂടിവെക്കുക വഴി പാർട്ടിയോടുള്ള പ്രതിബദ്ധത പ്രകടിപ്പിച്ചു. വി.പി .സിംഗിന്റെ മകനെ സെന്റ് കിറ്റ്സ് കേസിൽ ഉൾപ്പെടുത്താൻ മുതിർന്ന പാർട്ടി നേതാക്കൾ മുതിർന്നപ്പോൾ പാർട്ടി ഒന്നങ്കം അതിനു കൂട്ടുനിന്നു. ഒരു പാർട്ടി വ്യക്തി കേന്ദ്രീകൃതമാ ണെന്നതിനു വേറേ തെളിവുകൾ വേണോ?

സോണിയാ ഗാന്ധി രാഷ്ട്രീയത്തിൽ പ്രവേശിച്ചപ്പോൾ വിദേശ പൗരന് ഇന്ത്യൻ പ്രധാന മന്ത്രിയാകാമെന്ന നയം പാർട്ടി സ്വീകരിച്ചു. പക്ഷേ അവർ ആ പദവി സ്വീകരിക്കേണ്ടതി ല്ലെന്നു തീരുമാനിച്ചു. ഇപ്പോൾ ഇതിന്റെയെല്ലാം നിരാകരണ ഗാനം പാർട്ടി സ്വയം പാടു ന്നു. കേന്ദ്ര സർക്കാർ കൈക്കൊണ്ട ഒരു തീരുമാനത്തെ വിവരക്കേടെന്ന്ഗാന്ധി വിശേഷി പ്പിക്കുകവഴി വ്യക്തിയുടെ മേൽക്കോയ്മ പാർട്ടിക്കു മുകളിൽ സ്ഥാപിക്കുകയാണ് ചെയ്യു ന്നത്. എന്നാൽ ബിജെപിയേയോ ഇടതുപക്ഷത്തേയോ പോലുള്ള ഒരു പാർട്ടിയിലായിരു ന്നെങ്കിൽ രാഹുൽ ഗാന്ധി പാർട്ടിയുടെ ഒരു ഭാരവാഹിയാകാനോ നിയമനിർമാണ സഭയു ടെ അംഗമാകാനോ അദ്ധ്വാനിക്കേണ്ടിവന്നേനെ. വ്യക്തിപൂജയും കുടുംബ വാഴ്ചയും ഉ ള്ളതുകൊണ്ടു മാത്രമാണ് കോൺഗ്രസിന് അദ്ദേഹത്തെ ചോദ്യം ചെയ്യപ്പെടാനാവാത്ത തലവനായി നിയോഗിക്കാൻ കഴിയുന്നത്.

ഈ വൈയക്തികാധിപത്യത്തിൽനിന്നു വ്യത്യസ്തരായി രണ്ടു പ്രധാനമന്ത്രിമാർ മാത്ര മാണ് കോൺഗ്രസിനുണ്ടായിരിക്കുന്നത്. ലാൽ ബഹദൂർ ശാസ്ത്രി കുറഞ്ഞ കാലത്തേ ക്ക് പ്രധാനമന്ത്രിയായി. അദ്ദേഹത്തിന്റെ ലാളിത്യവും ഉയർന്ന വിശ്വാസ്യതയും രാജ്യത്തെ യാകെ ആകാർഷിച്ചു. അദ്ദേഹത്തിലെ നന്മ കോൺഗ്രസ് സംസ്കാരത്തിന്റെ ഭാഗമായിരു ന്നില്ല. ചില പോരായ്കകളൊക്കെ ഉണ്ടായിരുന്നുവെങ്കിലും ഇന്ത്യയുടെ സാമ്പത്തിക-വിദേ ശകാര്യ നയങ്ങളിൽ കുറച്ചൊക്കെ രാജ്യത്തെ മുന്നോട്ടു നയിക്കാൻ പി.വി. നരസിംഹ റാ വുവിനു കഴിഞ്ഞു. അദ്ദേഹവു കോൺഗ്രസിന്റെ കുടുംബ കൂട്ടത്തിൽ പെട്ടതായിരുന്നില്ല.

അടൽബിഹാരി വാജ്പേയിയും നരേന്ദ്ര മോദിയും പോലുള്ള ജനപ്രിയ നേതാക്കളുണ്ടെ ങ്കിൽകുടിയും ബിജെപി വ്യക്തി കേന്ദ്രിതമായ ഒരു പാർട്ടിയല്ല. ഈ നേതാക്കൾ പാർട്ടിയു ടെ ഘടനയ്ക്കുള്ളിൽ നിൽക്കുന്നവരാണ്, നിൽക്കുകയും ചെയ്യും. രാഹുൽ ഗാന്ധിക്ക് വ്യ ക്തി കേന്ദ്രിത രാഷ്ട്രീയത്തിന്റെ പോരായ്മകളെ കുറിച്ചു കിട്ടിയിരിക്കുന്ന ധാരണകൾ യാഥാർത്ഥ്യമാണ്, എന്നാൽ അതു സംബന്ധിച്ചു പാർട്ടിയെക്കുറിച്ചു കിട്ടിയിരിക്കുന്ന വസ് തുതകൾ തെറ്റാണ്.